# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2177** **23.03.2012 ലെ മറുപടിക്ക്**

**പഞ്ചായത്തുകളിലെ ജൈവവൈവിദ്ധ്യ മാനേജ്മെന്റ് പാനലുകൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>,, ഷാഫി പറമ്പിൽ:<br>,, ലൂഡി ലൂയിസ് :<br>,, പി. സി. വിഷ്ണുനാഥ് : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |

(എ) പഞ്ചായത്തുകളിൽ രൂപീകരിച്ചി ട്ടുള്ള ജൈവവൈവിദ്ധ്യ മാനേജ്മെന്റ് പാനലുകളുടെ പൂർത്തീകരണം ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ബി) ഇവ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എ) & (ബി) 2002 ലെ ജൈവവൈവിദ്ധ്യ നിയമവും അതിൻ കീഴിലുള്ള ചട്ടങ്ങളും അനുശാസിക്കും പ്രകാരമുള്ള ജനകീയ ജൈവ വൈവിദ്ധ്യ രജിസ്റ്റർ എല്ലാ ഗ്രാമപഞ്ചായത്തുകളിലും തയ്യാറാക്കുന്നതിലേയ്ക്കായി 18.03.2008 ലെ സ.ഉ(എം.എസ്) നമ്പർ 86/08/തസ്വഭവ നമ്പർ ഉത്തരവിലെ നിബന്ധനയനുസരിച്ച് 978 ഗ്രാമപഞ്ചായത്തുകളിലും ജൈവവൈവിദ്ധ്യ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(സി) ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ?

(സി) ജൈവ വൈവിദ്ധ്യ പരിപാലനം, സന്തുലിത വിഭവ വിനിയോഗം ഉറപ്പാക്കൽ, ജൈവ വൈവിദ്ധ്യ വിവരശേഖരണം, പരമ്പരാഗത വിളകളുടെയും വിത്തിനങ്ങളുടെയും വളർത്തുമൃഗങ്ങളുടെയും സംരക്ഷണം, ഇവയുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളുടെ സംരക്ഷണം എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ